# കില
## വാർത്താപത്രിക

VOLUME-11
ISSUE-4
APRIL 2018

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in




ചുടിനെ നേരിടാൻ എന്ന വിഷയത്തെക്കുറിച്ച്  കില സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാല

## കാലാവസ്ഥാവ്യതിയാനവും തദ്ദേശഭരണസ്ഥാപനങ്ങളും
### ചൂടിനെ നേരിടാൻ കിലയിൽ സംസ്ഥാനതല ശില്പശാല

ഇന്ത്യയിൽ വർഷം തോറും 0.6 ഡിഗ്രി വീതം ചൂടു കൂടിക്കൊണ്ടിരിക്കുകയാണെന്നു ഇന്ത്യൻ കാലാവസ്ഥാ വകുപ്പിലെ (ഐ.എം.ഡി) എൻ.ടി. നിയാസ് പറഞ്ഞു.1850 മുതൽക്കുള്ള കണക്കുകൾ പരിശോധിച്ചാൽ ഏററവും കൂടുതൽ ചൂടു രേഖപ്പെടുത്തിയത് 2016 ലാണെന്നു കാണാം. 2017 ലെ ചൂട് തൊട്ടു താഴെയാണ്. ഭൂമുഖത്ത് ഇതുവരെ രേഖപ്പെടുത്തിയ കൂടിയ ചൂട് 56.7 ഡിഗ്രിയാണ്. കുറഞ്ഞത് അന്റാർട്ടിക്കയിലും. ചൂടിനെ നേരിടാൻ എന്ന വിഷയത്തെക്കുറിച്ച്  കില സംഘടിപ്പിച്ച സംസ്ഥാനതല ശില്പശാലയിൽ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചും തീവ്ര താപത്തെക്കുറിച്ചും സംസാരിക്കുകയായിരുന്നു അദ്ദേഹം. ചൂടു കൂടുന്നതു കാലാവസ്ഥാവ്യതിയാനത്തിനു കാരണമാകുന്നു. അന്തരീക്ഷത്തിൽ കാർബൺ ഡൈഓക്സൈഡിന്റെ അളവു കൂടുമ്പോഴാണ് ചൂടു കൂടുന്നത്.. തീവ്രതാപം മൂലം കൃഷിക്കുണ്ടാകുന്ന നാശങ്ങളെക്കുറിച്ചും അതിനുള്ള പരിഹാര നടപടികളെക്കുറിച്ചും തമിഴ്നാട് കാർഷിക സർവകലാശാലയിലെ ഡോ.ഗീതാലക്ഷ്മി വിശദീകരിച്ചു. ചൂടേറുന്ന നഗരങ്ങളെ പറ്റി ന്യൂഡൽഹിയിലെ(തരു) ഡോ.ജി.ഭട്ടും കാർഷികമേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങളെസംബന്ധിച്ച് അജിത് രാധാകൃഷ്ണനും മൃഗസംരക്ഷണത്തെക്കുറിച്ച് ബംഗ്ലുരുവിലെ നാഷ്ണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.മുകുന്ദ് കട്ക് തൽവാരെയും വിഷയാവതരണം നടത്തി. തീവ്രതാപം മൂലമുണ്ടാകുന്ന   ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ.ജോയ് ഇളമണും വിനോദ്കുമാറുമാണ് സംസാരിച്ചത്. അമൃത സെന്റർ ഫോർ വയർലെസ് നെറ്റ് വർക്ക് ആന്റ് ആപ്ലിക്കേഷൻസിലെ ഡോ.മധുസൂദനനും കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചു സംസാരിച്ചു. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ മോഡറേറ്ററായിരുന്നു.

കഠിനമായ വേനലിൽ അത്യുഷ്ണവും താപക്കാററും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ നേരിടുന്നതിനു  തദ്ദേശസ്ഥാപനങ്ങളെ സജ്ജരാക്കാൻ കില സംഘടിപ്പിച്ചതാണ്  ശില്പശാല. തദ്ദേശസ്ഥാപനങ്ങളിലെ  ജനപ്രതിനിധികളും വിവിധ വിഷയമേഖലകളിലെ നിർവഹണ ഉദ്യോഗസ്ഥരുടക്കം 800 ൽ പരം പേർ പങ്കെടുത്തു. ആരോഗ്യം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലാണ് വേനലിന്റെ കെടുതികളേറേയും. ഇത്തരം ഘട്ടങ്ങളിൽ തദ്ദേശസ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും ഭാരിച്ചതാണ്. ഇവയെക്കുറിച്ചു മനസ്സിലാക്കാനും തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയുമാണ് ശില്പശാലയുടെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്ഥാപനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി വരുംമാസങ്ങളിൽ കില നടത്തുന്ന സെമിനാറുകളുടേയും ശില്പശാലകളുടേയും ശൃംഖലയിലെ ആദ്യപരിപാടിയാണിത്. തീവ്രതാപം നേരിടാനുള്ള പരിപാടികൾക്കും ശില്പശാല രൂപം നൽകി.

# കിലയിൽ സംഘടിപ്പിച്ച വിവിധ പരിശീലനങ്ങൾ

## സാമൂഹ്യവിദ്യാഭ്യാസ പരിപാടിയിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകർ

നവകേരളത്തിനായി ജനകീയാസൂത്രണം സാമൂഹ്യവിദ്യാഭ്യാസ പരിപാടിയിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പ്രവർത്തകരെ സജ്ജരാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള രണ്ടുദിവസത്തെ സംസ്ഥാനതല പരിശീലക പരിശീലനം കിലയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽനിന്നുള്ള 65 പ്രവർത്തകരാണ് പരിശീലക പരിശീലനത്തിൽ പങ്കെടുത്തത്. ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.വി. കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കില പ്രൊഫ. ഡോ.സണ്ണി ജോർജ്, ഡോ.ജെ.ബി.രാജൻ, ഡോ.ജഗദീശൻ, കെ.ബി.മദൻമോഹൻ, പപ്പൻ കുട്ടമ്മത്ത് എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്. കേരളത്തിലെ അധികാരവികേന്ദ്രീകരണ ചരിത്രം, പഞ്ചായത്ത് രാജ് സംവിധാനം, ആർദ്രം ഉപമിഷൻ, ഹരിതകേരളം ഉപമിഷൻ, വിവിധ സംഘടനാസംവിധാനങ്ങളും പഞ്ചായത്ത് രാജും, പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തൽ മിഷൻ തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഇതിന്റെ തുടർച്ചയായി , ഇവിടെ പരിശീലനം നേടുന്നവരുടെ നേതൃത്വത്തിൽ ജില്ലാ-താലൂക്ക് തലത്തിൽ ലൈബ്രറി കൗൺസിൽ പ്രവർത്തകർക്കും ലൈബ്രറിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതാണ്.

•••

## കുടുംബാരോഗ്യകേന്ദ്രങ്ങൾ

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള രണ്ടുദിവസത്തെ പരിശീലനം കിലയിൽ സംഘടപ്പിച്ചു. മൂന്നു ബാച്ചുകളിലായി സംഘടിപ്പിച്ചിട്ടുള്ള പരിശീലനത്തിന്റെ ആദ്യബാച്ചിൽ 25 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ, ഐ.സി.ഡി.എസ് സൂപ്രവൈസർമാർ എന്നിവരാണ് പങ്കെടുത്തത്.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖ പ്രഭാഷണം നടത്തി. ആർദ്രം മിഷൻ സ്റ്റേറ്റ് കൺസൽട്ടന്റ് ഡോ. പി.കെ.ജമീല വിഷയാവതരണം നടത്തി. ഡോ.ജഗദീശൻ (ഡെപ്യൂട്ടി ഡി.എച്ച്.എസ്) തൃശ്ശൂർ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ബിന്ദു തോമസ്, ഡോ.പീററർ എം. രാജ് എന്നിവർ സംസാരിച്ചു. കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്ത്, എങ്ങനെ, എന്തുകൊണ്ട്, കുടുംബാരോഗ്യകേന്ദ്രങ്ങളുടെ ഘടന, പ്രവർത്തന രീതികൾ, സേവന പാക്കേജുകൾ, ആരോഗ്യസംവിധാനവും ഏകോപനവും തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

•••

## പ്രാദേശികഭരണത്തെക്കുറിച്ച്

പ്രാദേശികഭരണത്തെക്കുറിച്ചറിയാൻ കിലയിലെത്തിയ പുറ്റേക്കര സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കു അർദ്ധദിന പരിശീലനം നൽകി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ ഭാസ്കരൻ പള്ളിക്കര സ്വാഗതം പറഞ്ഞു. പ്രാദേശിക ഭരണകൂടവും കുട്ടികളും, പഠന നൈപുണികളും സ്മൃതി സാങ്കേതികവും, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ടോംസ് ആന്റണി, കെ.ടി ഷോയി, ഭാസ്കരൻ പള്ളിക്കര എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകി. അധ്യാപികമാരായ ബിനു ടി. പനയ്ക്കൽ, ബീനാ റാണി എന്നിവരും സംബന്ധിച്ചു.

•••

## നഗരസഭ: വികസനസ്റ്റാൻഡിംഗ് കമ്മിറ്റി പരിശീലനം പൂർത്തിയായി

നഗരസഭകളിലെ വികസന സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങളുടെ കാര്യശേഷി വികസനത്തിനായി കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടി പൂർത്തിയായി. മൂന്നു ബാച്ചുകളിലായി നടന്ന ത്രിദിന പരിശീലനത്തിൽ 58 നഗരസഭകളിലെ 245 പേർ പങ്കെടുത്തു. ആസൂത്രണത്തിലും പദ്ധതി നിർവഹണത്തിലും മോണിറ്ററിംഗിലും വരുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനു പ്രത്യേക ഊന്നൽ നൽകിയുള്ളതായിരുന്നു പരിശീലനം.

അവസാന ബാച്ച് പരിശീലനം കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ ഉദ്ഘാടനം ചെയ്തു. ടി.രാധാകൃഷ്ണൻ, ടി.എസ്.സെയ്ഫുദ്ദീൻ സി.പി.ശശികുമാർ, കെ.രാമചന്ദ്രൻനായർ, ജി.കെ.സദനരാജൻ, ടി.ബാലചന്ദ്രൻ നായർ അഡ്വ.വി.കെ.കിഷോർ തുടങ്ങിയവർ വിവിധ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

•••

## പദ്ധതി പ്രവർത്തനങ്ങൾ

പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് കോഴിക്കോട്, കൊച്ചി കോർപ്പറേഷനുകളിലെ ജനപ്രതിനിധകൾക്കു കിലയിൽ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കോഴിക്കോട് കോർപ്പറേഷൻ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.സി.രാജൻ ഉദ്ഘാടനം ചെയ്തു. ട്രെയിനിംഗ് അസോസിയേററ് പ്രതാപ് സിംഗ് സ്വാഗതം പറഞ്ഞു. റിസോഴ്സ് പേഴ്സൺ കെ.കെ.രവി പരിശീലനപരിപാടി വിശദീകരിച്ചു. ആസൂത്രണ നിർവഹണ മാർഗ്ഗരേഖയെക്കുറിച്ച് എസ്. ആർ.ജി.അംഗം ജി.കെ. സദനരാജൻ സംസാരിച്ചു. ജില്ലാപദ്ധതി, ജാഗ്രതാസമിതി, സ്ഥാപനശില്പി, സബ്സിഡി മാർഗ്ഗരേഖ, മിഷൻ പ്രവർത്തനങ്ങൾ, എന്നീ വിഷയങ്ങളിലാണ് പരിശീലനം. എൻ.പി. വേണുഗോപാലൻ, ടി.ബാലചന്ദ്രൻ നായർ, കെ.കെ.രവി, കെ.പി.എം. ഹാഷിം തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.

•••

## ബജറ്റ് തയ്യാറാക്കൽ

ഗ്രാമപഞ്ചായത്തുകളിൽ ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവലും അതിനുള്ള ടൂൾ കിറ്റും പരിചയപ്പെടുത്തുന്നതിനു പഞ്ചായത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കും അക്കൗണ്ടൻമാർക്കുമുള്ള സംയുക്ത പരിശീലനം കിലയിൽ സംഘടിപ്പിച്ചു.

25 പഞ്ചായത്തുകളിൽനിന്നുള്ളവരാണ് ഓരോ ബാച്ചിലും പങ്കെടുത്തത്. കിലയ്ക്കു പുറമെ കിലയുടെ മേഖലാകേന്ദ്രങ്ങളിലും വിവിധ ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായാണ് ഏകദിന പരിശീലനം നടന്നത്.

ബജറ്റ് തയ്യാറാക്കൽ പ്രക്രിയ, അംഗീകാര നടപടിക്രമങ്ങൾ, ജന്റർ ബജറ്റ്, പെർഫോർമൻസ് ബജറ്റ്, പുതുക്കിയ ബജറ്റ്, നോൺ പ്ലാൻ ബജറ്റ് തയ്യാറാക്കൽ, സ്റ്റാൻഡിംഗ് കമ്മിറ്റിതല ക്രോഡീകരണം, പ്രായോഗിക പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം.

•••



സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കാര്യശേഷി വികസനം സംബന്ധിച്ച രണ്ടു ദിവസത്തെ ദേശീയ ശില്പശാലയിൽ അദ്ധ്യക്ഷത വഹിച്ചു കേരള സർക്കാരിന്റെ സെൻട്രൽ പ്ലാൻ ആന്റ് മോണിറ്ററിംഗ് യൂണിറ്റ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ്. സംസാരിക്കുന്നു

## സുസ്ഥിരവികസന ലക്ഷ്യങ്ങൾ:കാര്യശേഷി വികസനത്തിനു ദ്വിദിന ദേശീയ ശില്പശാല

സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള കാര്യശേഷി വികസനം സംബന്ധിച്ച രണ്ടു ദിവസത്തെ ദേശീയ ശില്പശാല മാർച്ച് 5, 6 തീയതികളിൽ എറണാകുളം മാരിയറ്റ് ഹോട്ടലിൽ സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ സെൻട്രൽ പ്ലാൻ ആന്റ് മോണിറ്ററിംഗ് യൂണിറ്റ് ഡയറക്ടർ ജാഫർ മാലിക്ക് ഐ.എ.എസാണ് ശില്പശാലയിൽ അദ്ധ്യക്ഷത വഹിച്ചത്. സുസ്ഥിര വികസനലക്ഷ്യം നേടുന്നതിനു കാര്യശേഷി വികസനത്തിന്റെ പ്രാധാന്യവും അതിനായി പരിശീലനസ്ഥാപനങ്ങളുടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം ഊന്നി പറഞ്ഞു. ഈ ദൗത്യം ഏറ്റെടുത്ത കിലയെ അഭിനന്ദിച്ച അദ്ദേഹം, ശില്പശാലയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ ആവശ്യമായ പിന്തുണയും സഹകരണവും നൽകണമെന്നും അഭിപ്രായപ്പെട്ടു.

കില അസോസിയേറ്റ് പ്രൊഫ.ഡോ.ജെ.ബി.രാജൻ സ്വാഗതമാശംസിച്ചു. സുസ്ഥിര വികസനത്തെക്കുറിച്ച് നാഷണൽ ഫൗണ്ടേഷൻ ഫോർ ഇന്ത്യയിലെ രാധികാ മാത്തുർ വിശദീകരിച്ചു. ഇന്ത്യയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിനാവശ്യമായ സൂചികകളെക്കുറിച്ചും ഇതിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും നീതി ആയോഗിലെ അഞ്ചലി ബൻസാൽ സംസാരിച്ചു. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ മോണിറ്ററിംഗിൽ ശ്രദ്ധിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ച് പ്രോഗ്രാം ആന്റ് സ്റ്റാറ്റസ്റ്റിക്സ് മന്ത്രാലയത്തിലെ മുൻ ഡെപ്യൂട്ടി ഡയറക്ടർ സത്യബ്രത ചക്രബർത്തിയും ശില്പശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചു കില ഡയറക്ടർ ഡോ. ജോയ് ഇളമണും വിശദീകരിച്ചു. തുടർന്നു വിവിധ സെഷനുകളിൽ കേരള സംസ്ഥാന ആസുത്രണബോർഡ് അംഗങ്ങളായ ഡോ.രവി മാമൻ,ഡോ. മൃദുൽ ഈപ്പൻ, യൂണിസെഫ് പ്രതിനിധി ഡോ.സുഗത റോയ് എന്നിവർ സംസാരിച്ചു. കില പ്രൊഫസർമാരായ ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, ഡോ.ഉമ്മൻ ജോൺ എന്നിവർ വിവിധ സെഷനുകളിലെ പ്രവർത്തനരീതികൾ വിശദീകരിച്ചു. കിലയും നാഷ്ണൽ ഫൗണ്ടഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ശില്പശാല സംഘടിപ്പിച്ചത്. വിവിധ സംസ്ഥാനങ്ങളിലെ പരിശീലനസ്ഥാപനങ്ങളിൽനിന്നുള്ള ഫാക്കൽറ്റി അംഗങ്ങളും സുസ്ഥിര വികസനലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിദഗ്ദ്ധരുമാണ് ശില്പശാലയിൽ പങ്കെടുത്തത്.

## ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കു ചുമതല നൽകൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കൈമാറിയ ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണങ്ങൾക്കു വിധേയമായി പ്രവർത്തിക്കേണ്ടവരാണ്. പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങൾക്കു വേണ്ടി പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രകാരമുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കേണ്ടതാണ്. 1994 കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 181,184 സെക്ഷൻ പ്രകാരം പഞ്ചായത്തിന്റെ ഏതു ചുമതലകളും പഞ്ചായത്തിലേക്കു കൈമാറിയ സ്ഥാപനങ്ങളിലെ ഏതു ഉദ്യോഗസ്ഥനും അവരുടെ പ്രവർത്തന മേഖല പരിഗണിക്കാതെ ഏൽപ്പിച്ചു നൽകാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കി അധികാരവികേന്ദ്രീകരണ പ്രക്രിയക്കു വിഘാതം സൃഷ്ടിക്കാത്ത തരത്തിൽ മാത്രമേ ഘടകസ്ഥാപനങ്ങളിലെ മേലധികാരികൾ ഉത്തരവു പുറപ്പെടുവിക്കാൻ പാടുള്ളൂവെന്നു നിർദ്ദേശിച്ച് ചീഫ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചു.19.2.2018 ലെ ഡി.എ.1/880/2017 തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കാൻ എല്ലാ ഘടകസ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്.

## ജനപ്രതിനിധികളുടെ ഹാജർബത്ത വർദ്ധിപ്പിച്ചു

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഹാജർ ബത്ത പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവായി. പുതുക്കിയ നിരക്കനുസരിച്ച് പഞ്ചായത്ത് പ്രസിഡന്റ് , സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ മുനിസിപ്പൽ ചെയർമാൻ, മേയർ എന്നിവർക്കു ഒരു യോഗത്തിൽ ഹാജരാകുന്നതിനു 250/-രുപയും പ്രതിമാസം വങ്ങാവുന്ന പരമാവധി തുക 1250/-രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതുവരെ അതു 75/- രൂപയായിരുന്നു. പഞ്ചായത്തംഗങ്ങൾക്കും നഗരസഭ കൗൺസിലർമാർക്കും ദിനബത്ത 200/-രൂപയും പരമാവധി പ്രതിമാസം 1000/- രൂപയുമായി നിശ്ചയിച്ചു. 60/- രൂപയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. 01.01.2018 മുതൽ പുതുക്കിയ നിരക്കിനു പ്രാബല്യമുണ്ടാകും.



നവകേരളത്തിനായുള്ള ജനകീയാസുത്രണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്നുള്ള വിദഗ്ദ്ധർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി

# നവകേരളത്തിനു ജനകീയാസൂത്രണം സാങ്കേതിക വിദഗ്ദ്ധർക്കു കിലയിൽ പരിശീലനം

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തയ്യാറാക്കുന്ന പദ്ധതികളുടെ സാങ്കേതിക മികവു പരിശോധിച്ച് പോരായ്മകൾ പരിഹരിക്കാൻ വിദഗ്ദ്ധസമിതി അംഗങ്ങൾക്കു കഴിയണമെന്നു സംസ്ഥാന ആസൂത്രണബോർഡ് അംഗവും സ്റ്റേറ്റ് റിസോഴ്സ്ഗ്രൂപ്പ് ചെയർമാനുമായ ഡോ.കെ.എൻ.ഹരിലാൽ അഭിപ്രായപ്പെട്ടു. നവകേരളത്തിനായുള്ള ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്നുള്ള വിദഗ്ദ്ധർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ തദ്ദേശസ്ഥാപനങ്ങളുടെ ഏകോപനത്തിലൂടെ ഉരുത്തിരിയുന്നതാണ് ജില്ലാപദ്ധതി. മലപ്പുറത്ത് കടലുണ്ടി പുഴയിലേക്കു ചാലിയാർ പുഴയിൽനിന്ന് വെള്ളമെത്തിക്കുന്ന പദ്ധതിയും പെരിന്തൽമണ്ണയിലെ മാലിന്യ സംസ്കരണ പ്ലാന്റും എടുത്തു പറയേണ്ട ജില്ലാ പദ്ധതികളാണ്. പതിനാലു ജില്ലകളിലും ജില്ലാപദ്ധതികൾ തയ്യാറായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖാവതരണം നടത്തി. എസ്.ആർ.ജി.അംഗം ജി.കെ. സദനരാജ് പരിശീലനപരിപാടി വിശദീകരിച്ചു. പഞ്ചായത്ത് നഗരപാലകാസ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങളും, സബ്സിഡി മാർഗ്ഗരേഖ, തദ്ദേശസ്ഥാപനങ്ങളിൽ വിദഗ്ദ്ധരുടെ ഇടപെടൽ എന്നീ വിഷയങ്ങളിലായിരുന്നു പരിശീലനം. എസ്.ആർ.ജി അംഗങ്ങളായ എസ്.ജമാൽ, കെ.എം. അബ്രഹാം, ജെ.രാജേന്ദ്രൻ നായർ, കില പ്രൊഫ.ഡോ. സണ്ണി ജോർജ് എന്നിവർ സംബന്ധിച്ചു.

# മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് ജോൺസണെത്തി

**കേരളത്തിന്റെ** പൊതുവികസനത്തിൽ സേവന താൽപര്യമുള്ളവരെ കണ്ടെത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ അഭ്യർത്ഥന മാനിച്ചെത്തിയതാണ് 49 കാരനായ ജോൺസൺ. ജനിച്ച് ആറുമാസത്തിനുള്ളിൽ പോളിയോ ബാധിച്ച് കൈകാലുകൾ തളർന്ന ജോൺസൺ ജീവിതത്തോടു പടപൊരുതി മുന്നേറുന്നു. 14 വർഷം മുമ്പ് ഫാൻസി ആവശ്യങ്ങൾക്കു മാത്രം ഉപയോഗിച്ചിരുന്ന എൽ.ഇ.ഡി, വെളിച്ചത്തിനുവേണ്ടിയും ഉപയോഗപ്പെടുത്താമെന്നു കണ്ടെത്തിയതു ജോൺസണാണ്. പക്ഷേ അന്നു വില കൂടുതലാണ്. എഞ്ചിനിയർമാരും ഡോക്ടർമാരും മാത്രമേ 2110 രൂപ വിലയുള്ള ആ ബൾബുകൾ വാങ്ങാൻ മുന്നോട്ടു വന്നുള്ളു. അന്നത്തെ നാലു വാട്ടിന്റെ ബൾബിനു ഇന്നത്തെ 10 വാട്ടിന്റെ പ്രകാശമുണ്ടായിരുന്നുവെന്നതാണ് പ്രത്യേകത.

പക്ഷേ വമ്പന്മാരോടു പോരാടനായി ജോൺസണും തന്റെ ബൾബുകൾക്കു വില കുറയ്ക്കേണ്ടിവന്നു. എന്നാൽ ജോൺസൺ നിർമ്മിക്കുന്ന ബൾബുകൾ വാറണ്ടി കാലാവധി കഴിഞ്ഞാലും കേടുവന്നാൽ സർവീസ് ചെയ്ത് നേരെയാക്കാൻ കഴിയും. ഓരോ ഗ്രാമപഞ്ചായത്തിനും ഇത്തരം ബൾബുകൾ നിർമ്മിക്കാൻ കഴിയുമെന്നാണ് ജോൺസൺ പറയുന്നുത്. അതിനുള്ള സാങ്കേതിക സഹായം നൽകാൻ ജോൺസൺ തയ്യാർ.



ജനകീയസൂത്രണവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധസമിതി അംഗങ്ങൾക്കു കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപായിൽ പങ്കെടുക്കാനെത്തയ ജോൺസൺ ഭാര്യ ഉഷയോടൊപ്പം.

കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി മഠത്തിനകത്ത് ജോൺസൺ ഇന്ന് എം.ടെക് ഇലക്ട്രോ ഡിജിറ്റൽ വ്യവസായ സ്ഥാപനത്തിന്റെ ഉടമയാണ്. കോഴിക്കോട് ജില്ലയിലെ മൂന്നുവനിതാസംരംഭകയൂണിറ്റുകൾക്കു സാങ്കേതികസഹായവും അസംസ്കൃതവസ്തുക്കളും മെഷിനറികളും നൽകുന്നത് ജോൺസൺ തന്നെ.

ഔപചാരിക വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലാത്ത ജോൺസണ് ഭാര്യയും രണ്ടു മക്കളുമുണ്ട്. ഭാര്യ ഉഷയാണ് ഇപ്പോൾ താങ്ങും തണലും. പ്ലസ്ടുവിനു പഠിക്കുന്ന ജയുണും 8-ാംക്ലാസ്സിൽ പഠിക്കുന്ന ജഷൂണും മക്കളാണ്.

ജോൺസണെ ബന്ധപ്പെടാവുന്ന ഫോൺ നമ്പർ **9744525892, 9495413994**

# ആരോഗ്യസ്ഥാപനങ്ങൾ : മാനേജ്മെന്റ് കമ്മിറ്റികൾ ക്രിയാത്മകമായി പ്രവർത്തിക്കണം

ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനും സർക്കാരിൽനിന്ന് കൈമാറി കിട്ടിയ പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നിവ നോക്കി നടത്തുന്നതിനു മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ആരോഗ്യ പരിപാലനരംഗത്തു ഏറെ ശ്രദ്ധ ചെലുത്തുന്ന സംസ്ഥാനത്ത് കൊതുകുജന്യ, ജലജന്യ പകർച്ചവ്യാധികൾ ഇപ്പോഴും പ്രശ്നമായി നിലനിൽക്കുന്നു. പനി, ഡെങ്കിപ്പനി, എച്ച് 1 എൻ 1 എന്നിവയും പടർന്നു പിടിക്കുകയും പലരും മരണത്തിനടിപ്പെടുകയും ചെയ്യുന്നു. നവകേരള സൃഷ്ടിക്കായി ആരോഗ്യരംഗത്ത് ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്ന ഈ കാലഘട്ടത്തിൽ ആരോഗ്യസ്ഥാപനങ്ങളുടെ മാനേജ്മെന്റ് കമ്മിറ്റികൾക്കു ഏറെ പ്രവർത്തിക്കാനുണ്ട്.

മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാത്ത സ്ഥാപനങ്ങളിൽ എത്രയും വേഗം രൂപീകരിക്കേണ്ടതാണ്. നിർജീവമായ കമ്മിറ്റികൾ ഉണ്ടെങ്കിൽ അതു പുനരുജ്ജീവിപ്പിക്കേണ്ടതുമാണ്. 2010 കേരള പഞ്ചായത്ത് രാജ്(പൊതുജനാരോഗ്യ സ്ഥാനങ്ങൾക്കുവേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരമാണ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലെ കമ്മിറ്റികൾ പുനസ്സംഘടിപ്പിക്കേണ്ടത്. ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന പതിനഞ്ച് അംഗങ്ങളുള്ള കമ്മിറ്റിയാണ് അത്യാവശ്യമായും വേണ്ടത്. തദ്ദശഭരണസ്ഥാപനത്തിന്റെ പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ മാനേജിംഗ് കമ്മിറ്റിയുടെ ചെയർ പേഴ്സണായിരിക്കും. പൊതുജനാരോഗ്യ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, മാനേജിംഗ് കമ്മിറ്റിയുടെ വൈസ് ചെയർമാനായിരിക്കും. മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയുമായിരിക്കണം. കൂടാതെ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പൊതുമരാമത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺ, ആരോഗ്യസ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനപ്രതിനിധി, പഞ്ചായത്തിന്റെ എഞ്ചിനീയർ, ആ പ്രദേശത്തിന്റെ ചുമതലയുള്ള വാട്ടർ അതോരിറ്റിയിലെ എഞ്ചിനീയർ, തദ്ദേശസ്ഥാപനം നാമനിർദ്ദേശം ചെയ്യുന്ന, പൊതുജനാരോഗ്യ രംഗത്തു പ്രവർത്തിക്കാൻ കഴിവും താല്പര്യവുള്ള മൂന്നു പ്രധാന വ്യക്തികൾ. പ്രധാന മെഡിക്കൽ ഓഫീസർക്കു താഴെ മറ്റൊരു മെഡിക്കൽ ഓഫിസറുണ്ടെങ്കിൽ അദ്ദേഹവും കമ്മിറ്റിയിൽ അംഗമായിരിക്കും.

ലോക്സഭ അംഗം, നിയമസഭാംഗം, ദേശീയ രാഷ്ട്രീയ കക്ഷികളുടെ ഓരോ പ്രതിനിധികൾ, നിയമസഭയിൽ പ്രാതിനിധ്യമുള്ള മറ്റു കക്ഷികളുടെ ഓരോ പ്രതിനിധികൾ, സി.ഡി.എസ് ചെയർപേഴ്സൺ, ശിശുവികസന ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരെ മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിലേക്കു പ്രത്യേക ക്ഷണിതാക്കളായി വിളിക്കാവുന്നതാണ്. പൊതുജനാരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം ഒരുക്കുന്നതിൽ ശ്രദ്ധിക്കുന്നതുപോലെ സ്ഥാപനങ്ങളുടെ മികച്ച പ്രവർത്തനത്തിലൂടെ ഗുണനിലവാരമുള്ള സേവനം പൊതുജനങ്ങൾക്കു നൽകുന്ന കാര്യത്തിലും മാനേജിംഗ് കമ്മിറ്റികളുടെ ഇടപെടലുകൾ സുപ്രധാനമാണ്.

വാർഡുതല ശുചിത്വസമിതികളുടെ ഏകോപനവും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടലുകളും ആരോഗ്യസ്ഥാപനങ്ങളുടെ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു ചെയ്യാവുന്നതാണ്. ഹെൽത്ത് പ്രമോഷൻ ടീം, ആരോഗ്യ കർമ്മസേന, ആരോഗ്യസേന, ആശവർക്കർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീപ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ, സന്നദ്ധപ്രവർത്തകർ, സാംസ്കാരിക സന്നദ്ധസംഘടനാപ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചും ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുകയാണെങ്കിൽ ആരോഗ്യരംഗത്തു മികച്ച നേട്ടം കൈവരിക്കാനാകും.

പൊതുജനാരോഗ്യ സ്ഥാപനങ്ങളെ രോഗീസൗഹൃദ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശ്രദ്ധ ആർദ്രം മിഷൻ ചെയ്യുമ്പോൾ അതിൽ മുഖ്യ പങ്കുവഹിക്കാനും ക്രിയാത്മകമായി ഇടപെടാനും മാനേജിംഗ് കമ്മിറ്റികൾക്കു കഴിയണം. വ്യക്തിശുചിത്വം, പരിസരശുചിത്വം മാലിന്യനിർമ്മാർജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുകളുടെ ഉറവിട നശീകരണം, ജീവിതശൈലി രോഗനിവാരണത്തിനുള്ള ബോധവൽക്കരണം തുടങ്ങി പൊതുജനാരോഗ്യം മികച്ചതാക്കി മാറ്റാൻ ആരോഗ്യസ്ഥാപനം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം തദ്ദേശസ്ഥാപനത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതോടൊപ്പം ജനങ്ങളുടെ ആരോഗ്യസുരക്ഷ ഉയർത്തുകയും ചെയ്യും. ആരോഗ്യസ്ഥാപന മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളുടെ ക്രിയാത്മക സമീപനവും ഭാവനാപൂർണമായ പദ്ധതി രൂപീകരണവും നല്ല മനസ്സുമാണ് അതിനാവശ്യം.

**വി.ജി.ശശിധരൻ**
ഹെൽപ്പ് ഡെസ്ക്



കവിത
## ആശങ്ക

കാലാവസ്ഥ വ്യതിയാനങ്ങൾ കണ്ടുപഠിക്കാൻ
കാലം വൈകി പോയില്ലേ
ഭൂമികുലുക്കും ഭൂകമ്പങ്ങൾ ഭൂമുഖമാകെ നശിക്കില്ലേ
അഗ്നിപർവ്വതം അതിരു കടന്നാൽ
ആപത്താണെന്നറിയില്ലേ
മഞ്ഞുമലകൾ ചൂടിലുരുകി
മലവെള്ളം പോലൊഴുകില്ലേ
മഞ്ഞുമലകൾ കടലിൽ ചെന്നാൽ
കടലിൽ വെള്ളം പൊങ്ങില്ലേ
കടലിൽ വെള്ളം ക്ഷോഭിച്ചാൽ
നാടിനു നാശമുറപ്പല്ലേ
ചുഴലിക്കാറ്റും ചുടുകാറ്റും ചുഴറ്റിയടിക്കും കാണണ്ടേ
സുനാമി വന്നു ഓഖിയുമെത്തി
ചുടലക്കളമായ് മാറുമ്പോൾ
കണ്ടുതു കണ്ടില്ലെന്നു നടിച്ച്
കണ്ണുമടച്ചങ്ങിരിക്കാമോ
മതചിന്തകളുടെ മനുഷ്യരായി
മാനവരാശി മാറുമ്പോൾ
മനുഷ്യനെന്നൊരു ചിന്ത മറന്ന്
മനവരാശികളെന്താകും?

**കെ.കൃഷ്ണൻ**
മെമ്പർ, തരൂർ ഗ്രാമപഞ്ചായത്ത്
പാലക്കാട് ജില്ല.

## ചോദ്യങ്ങൾക്കു മറുപടി

? സ്വന്തമായി വാഹനമുള്ള പഞ്ചായത്തിനു വാഹനം വാടകയ്ക്കു എടുത്ത് ഉപയോഗിക്കാൻ കഴിയുമോ?

● സ്വന്തമായി വാഹനമില്ലാത്ത പഞ്ചായത്തിനും വഹനം ഉള്ള പഞ്ചായത്തിനും അത്യാവശ്യഘട്ടങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്തു ഉപയോഗിക്കാൻ കഴിയും. അത്യാവശ്യഘട്ടങ്ങളിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതു ഏറ്റവും കുറഞ്ഞ കി.മീറ്റർ ചാർജിൽ മാസവാടക നിരക്കിൽ സുതാര്യമായ നടപടി ക്രമങ്ങളിലുടെയായിരിക്കണം.(സ.ഉ.(സാധാ) 3108/2016 തസ്വഭവ.16.11.16)

? പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു പഞ്ചായത്തിൽനിന്നു ആനുകൂല്യങ്ങൾ നൽകാൻ വ്യവസ്ഥയുണ്ടോ?

● തദ്ദേശസ്വയംഭരണവകുപ്പിന്റെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കു അവർ പാരലൽ കോളേജിൽ പഠിക്കുന്നവരാണെങ്കിലും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ച രേഖകൾ ഹാജരാക്കിയാൽ നൽകാവുന്നതാണ്.

? പാലിയേറ്റീവ് പരിചരണം നൽകുന്ന രോഗികൾക്കു പഞ്ചായത്തിൽനിന്ന് കട്ടിൽ വിതരണം ചെയ്യാമോ?

● ചെയ്യാം.ശയ്യാവലംബരായ രോഗികൾക്കു മെഡിക്കൽ ഓഫീസർ നിർണയിക്കുന്ന തരത്തിലുള്ള കട്ടിൽ വാങ്ങി നൽകാം. ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളുമാണ് ഈ പ്രോജക്ട് ഏറ്റെടുക്കേണ്ടത്.

? പദ്ധതിയുടെ ഫണ്ടുപയോഗിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനു തടസ്സമുണ്ടോ?

● ഉണ്ട്. ഉദ്പ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ, സമ്മേളനങ്ങൾ, കമാനനിർമ്മാണങ്ങൾ എന്നിവ വികസനഫണ്ടുപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. എന്നാൽ സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളതാണെങ്കിലോ തദ്ദേശസ്ഥാപനത്തിൽ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണെങ്കിലോ ചെയ്യാവുന്നതാണ്. വിദൂരപ്രദേശങ്ങളിലെ പട്ടികജാതി സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പു നടത്താം. കാൻസർ, കിഡ്നി രോഗങ്ങൾ മുൻകുട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ അനുവദിച്ചിട്ടുണ്ട്. കുടാതെ അവയവദാന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

? യുവജനസംഘടനകൾക്കു സ്പോർട്സ് ഉപകരണങ്ങൾ നൽകാമോ?

● രജിസ്ട്രേഡ് യുവജനക്ലബ്ബുകൾക്കു 5,000/- രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്. (സ.ഉ.(സാധ) 811/2018 തസ്വഭവ.തീയതി 26.3.2018)

? മിശ്രവിവാഹിതർക്കു വിവാഹധനസഹായം പഞ്ചായത്തിൽനിന്നു ലഭിക്കുമോ?

● മിശ്രവിവാഹിതർക്കു വരുമാനപരിധി നോക്കി വിവാഹ ധനസഹായം ലഭിക്കും. പൊതുവിഭാഗത്തിൽ രണ്ടുലക്ഷവും പട്ടികജാതി വിഭാഗത്തിൽ മുന്നുലക്ഷവും വാർഷിക കുടുംബ വരുമാനത്തിൽ താഴെയുള്ളവർക്കു 75,000/- രൂപ ധനസഹായം നൽകാം. വിവാഹത്തിനു 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷിക്കണം. അന്വേഷണം നടത്തി അർഹരാണെങ്കിൽ ഗ്രാമപഞ്ചായത്തിൽനിന്നോ നഗരഭരണ സ്ഥാപനങ്ങളിൽനിന്നോ സഹായം നൽകാം.

? ഒരു പ്രദേശത്തുള്ള ചെറുകിട ഫാക്ടറിയിൽനിന്ന് അസഹ്യമായ പുകയും പൊടിയും മൂലം പരിസരവാസികൾക്കു

## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്പ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000**

ശല്യമുണ്ടാകുന്നു. പഞ്ചായത്തിൽ ഇതിനെതിരെ നടപടി സ്വീകരിക്കാൻ കഴിയുമോ?

● തീർച്ചയായും നടപടി സ്വീകരിക്കാം. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233 (എ) പ്രകാരം പരിസരവാസികൾക്കുണ്ടാകുന്ന ശല്യം ഇല്ലാതാക്കാൻ ആവശ്യമായതു ചെയ്യാൻ ഫാക്ടറി ഉടമയോടു നിർദ്ദേശിക്കാനും ശല്യം ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും സെക്രട്ടറിക്കു അധികാരമുണ്ട്. ശല്യം ഇല്ലാതാക്കിയില്ലെങ്കിൽ ടി. ഫാക്ടറിയുടെ പ്രവർത്തനം നിരോധിക്കാനും സെക്രട്ടറിക്കു അധികാരമുണ്ട്.

? പഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ച് ജനങ്ങൾക്കു സഹായം നൽകുന്നതു എങ്ങനെയാണ്?

● കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ 2003 പ്രകാരം പഞ്ചായത്തുകളിൽ ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം അത്യാഹിതം, മഹാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശത്തു താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്കു അവരുടെ ദുരിത നിവാരണത്തിനു അടിയന്തിര സഹായമായി നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കേണ്ടത്. ഈ നിധിയിലേക്കു പൊതുജനങ്ങളിൽനിന്ന് സമാഹരിക്കുന്ന തുക പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചട്ടത്തിൽ പറയുന്ന പ്രകാരം വിനിയോഗിക്കേണ്ടതുമാണ്.

? പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥാപിച്ചിട്ടുള്ള ലാബിൽ ജീവനക്കാരെ നിയമിച്ച് പഞ്ചായത്തിൽനിന്ന് ശമ്പളം നൽകാമോ?

● പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥാപിച്ചിട്ടുള്ള ലാബിൽ നാഷ്ണൽ ഹെൽത്ത് മിഷനിൽനിന്നും ലാബ് ടെക്നീഷ്യനെ നിയമിച്ചിട്ടില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ പഞ്ചായത്തിൽനിന്നു ലാബ് ടെക്നീഷ്യനെ നിയമിക്കാം. എൻ.എച്ച്.എമ്മിന്റെ മാനദണ്ഡപ്രകാരമാണ് നിയമിക്കേണ്ടത്. അവർക്കു വികസനഫണ്ടിൽനിന്നു വേതനം നൽകാവുന്നതാണ്. (പാര.7.5.1 സബ്സിഡി മാനദണ്ഡം. സ.ഉ. (കൈ) 22/2018 തസ്വഭവ.14.2.2018)

? ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനു സഹായം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

● ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ പട്ടികയിലുള്ളവർക്കു ധനസഹായം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഒരു പ്രത്യേക മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 16.3.2018 ൽ സ.ഉ.(കൈ)34/2018 തസ്വഭവ നമ്പർ ഉത്തരവു പ്രകാരം പുറത്തിറക്കിയ മാർഗ്ഗരേഖയിൽ എല്ലാകാര്യങ്ങളും നടപടിക്രമങ്ങളും വിശദമാക്കിയിട്ടുണ്ട്.

? കുപ്പിവെള്ള വ്യവസായ യൂണിറ്റുകൾക്കു അനുമതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?

● പഞ്ചായത്തിന്റെ ലൈസൻസിംഗ് ചട്ടം അനുശാസിക്കുന്ന എല്ലാനിബന്ധനകളും പാലിച്ചിരിക്കണം. കുടാതെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം കൂടി വാങ്ങിയിട്ടുവേണം അനുമതി നൽകാൻ. (സർക്കുലർ നമ്പർ ആർ.സി.4/244/2017/ തസ്വഭവ.തീയതി 12.3.2018)



തദ്ദേശസ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്കു കിലയിൽ സംഘടിപ്പിച്ച ജില്ലാതല ശില്പശാല കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു

## മുൻ ജനപ്രതിനിധികൾക്കു കിലയിൽ ശില്പശാല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്കുള്ള തൃശ്ശൂർ ജില്ലാതല ശില്പശാല കിലയിൽ ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. ഗ്രാമീണ ജനതയുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള പരിചയസമ്പന്നരായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് കുടുതൽ അംഗീകാരം നൽകുന്നതിന് കില മുന്നോട്ടുവരുമെന്നും പൊതുസമൂഹത്തിനും തദ്ദേശസ്ഥാപനങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കും അവരെ ഉപയോഗപ്പെടുത്തുമെന്നും ഉദ്ഘാടനപ്രസംഗത്തിൽ ഡോ. ജോയ് ഇളമൺ അഭിപ്രായപ്പെട്ടു. ഓൾ കേരള ഫോർമർ പഞ്ചായത്ത് മെമ്പേഴ്സ് അസ്സോസിയേഷൻ ജില്ലാപ്രസിഡന്റ് കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു. ജില്ലാപഞ്ചായത്ത് സ്ഥിരം സമിതി അദ്ധ്യക്ഷ എം. പത്മിനി ടീച്ചർ മുഖ്യ പ്രഭാഷണം നടത്തി. കില അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ. ജെ.ബി. രാജൻ, ജില്ലാഭാരവാഹികളായ സി.എൻ. ഗോവിന്ദൻകുട്ടി, സി.വി. കുര്യാക്കോസ്, ടി.കെ. നമ്പീശൻ, ഫാത്തിമ അബ്ദുൾ ഖാദർ, ഷീല ജോസ്, അലീമു ഉസ്മാൻ എന്നിവർ പ്രസംഗിച്ചു. കില പ്രൊഫസർ ഡോ. സണ്ണി ജോർജ്ജ്, കില റിസോഴ്സ് പേഴ്സൺ പി.വി. ഷാജി എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.



അട്ടപ്പാടിയുടെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യാൻ അഗളി കില കേന്ദ്രത്തിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രത്തിനം രാമമൂർത്തി ഉദ്ഘാടനം ചെയ്യുന്നു

## അട്ടപ്പാടിയുടെ വികസനസാദ്ധ്യതകൾ: കില അഗളി കേന്ദ്രത്തിൽ ശില്പശാല

അട്ടപ്പാടിയുടെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യാൻ സമീപ പ്രദേശങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നുള്ള ജനപ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ടു കില അഗളി കേന്ദ്രത്തിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഷോളയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രത്തിനം രാമമൂർത്തി ഉദ്ഘാടനം ചെയ്തു. ഒറ്റപ്പാലം സബ് കലക്ടർ ജെറോമിക് ജോർജ് ഐ.എ.എസ് ആമുഖപ്രഭാഷണം നടത്തി. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗം ജി.കെ. സദനരാജൻ എന്നിവർ ശില്പശാലയ്ക്കു നേതൃത്വം നൽകി. അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകളിലേയും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലേയും പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, നിർവഹണ ഉദ്യോഗസ്ഥർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, പൊതുസമീപനം, അട്ടപ്പാടി വികസനത്തിലെ വിവിധ മേഖലാസാദ്ധ്യതകൾ, വികസനപദ്ധതി മെച്ചപ്പെടുത്തൽ, അട്ടപ്പാടി വികസന പരിപ്രേക്ഷ്യം, അട്ടപ്പാടിയുടെ സംയോജന-ഏകോപന സാദ്ധ്യതകൾ, ഊരുകളിലെ വിദ്യാർത്ഥികൾ തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ക്ലാസ്സുകൾ. കെ.വി.മോഹൻകുമാർ, ഉമേഷ് തുടങ്ങിയവരാണ് ക്ലാസ്സുകൾക്കു നേതൃത്വം നൽകിയത്.



മഹാരാഷ്ട്രയിലെ അമരാവതി ഡിവിഷനിലെ അഞ്ചു ജില്ലകളിൽനിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനം

## മഹാരാഷ്ട്രയിലെ ജനപ്രതിനിധികൾ കിലയിൽ

**കേരള**ത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു മഹാരാഷ്ട്രയിലെ അമരാവതി ഡിവിഷനിലെ അഞ്ചു ജില്ലകളിൽനിന്നുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കിലയിലെത്തി. ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി സി.ഇ.ഒ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പൂനയിലെ സംസ്ഥാന സർക്കാരിന്റെ പരിശീലനകേന്ദ്രമായ യശാധ ഇൻസ്ററിറ്റ്യൂട്ടിലെ മൂന്നു ഫാക്കൽററികളും ഇവരോടൊപ്പമുണ്ടായിരുന്നു.

കിലയിൽ ഇവർക്കു നാലുദിവസത്തെ പരിശീലനപരിപാടിയും പഠനസന്ദർശനവുമണ് ഒരുക്കിയത്. ജനാധിപത്യ അധികാരവികേന്ദ്രീകരണം, കേരളത്തിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, അവയുടെ പ്രവർത്തനങ്ങൾ, കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ധനവികേന്ദ്രീകരണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. പരിശീലനപരിപാടിയിൽ പി.വി.രാമകൃഷ്ണൻ ആമുഖാവതരണം നടത്തി. പ്രൊ.ടി.രാഘവൻ, രേണുകുമാർ, എം.ജി.കാളിദാസൻ, സി.രാധാകൃഷ്ണൻ, കുടുംബശ്രീയിലെ മോനിഷ എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്. കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ ജില്ലാപഞ്ചായത്ത് എന്നിവിടങ്ങൾ സന്ദർശിച്ച സംഘം അവിടങ്ങളിലെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.



നഗരസഭകളിലെ വികസന സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങളുടെ കാര്യശേഷിവികസനത്തിനു കിലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടി

## കാര്യശേഷി വികസനം: കിലയിൽ വനിതാജനപ്രതിനിധികൾക്കു പരിശീലനം

ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വനിതാജനപ്രതിനിധികളുടെ കാര്യശേഷി വികസനവുമായി ബന്ധപ്പെട്ട് മുന്നുദിവസത്തെ പരിശീലനം കിലയൽ തുടങ്ങി. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, റിസർച്ച് അസോസിയേറ്റ് ഡോ.കെ.പി.എൻ അമൃത, കോർഡിനേറ്റർ റിസ്മിയ, ഭാസ്കരൻ പള്ളിക്കര എന്നിവർ സംസാരിച്ചു. കിലയും കേന്ദ്ര വനിതാ-ശിശുവികസന മന്ത്രാലയവും സംയുക്തമായിട്ടാണ് പരിശീലനം സംഘടിപ്പിച്ചത്.

സ്ത്രീശാക്തീകരണം, മാതൃകാപഞ്ചായത്ത്, ഇൻഫർമേഷൻ ടെക്നോളജി, നേതൃശേഷി, ആശയവിനിമയം, വനിതാ-ശിശുനിയമങ്ങൾ, വനിതാ-ശിശു വികസന പദ്ധതികൾ, ആസ്തി ആർജിക്കൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ഘടകസ്ഥാപനങ്ങൾ, പങ്കാളിത്ത ആസൂത്രണം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. അനിതാ ബാബുരാജ്, അഡ്വ.ഇന്ദു നിതീഷ്, മായാലക്ഷ്മി, അജിത് മേനോൻ, ശാലിനി, പ്രീതി ഉണ്ണി കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.


KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only) Printed at KBPS, Kakkanad, Kochi-30